# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3077 | 22.02.2016 -ൽ മറുപടിയ്ക്ക് |
|---|---|

**ബാലപീഡനങ്ങൾ**

| **ചോദ്യം**<br>**ശ്രീ.കെ.എൻ.എ.ഖാദർ** | | **ഉത്തരം**<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് ബാലഭിക്ഷാടനം, ബാലവിവാഹം എന്നിവ ഇപ്പോഴും നടക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ബി) | ഇത്തരം സാമൂഹിക പ്രശ്നങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | . സംസ്ഥാനത്ത് ശൈശവ വിവാഹ നിരോധന നിയമം 2006 നിലവിൽ ഉണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് Kerala Prohibition of Child Marriage Rule 2008 പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 2008 ലെ ശൈശവ വിവാഹ നിരോധന ചട്ട പ്രകാരം സാമൂഹ്യനീതി ഡയറക്ടറെ മുഖ്യ ശൈശവ വിവാഹ നിരോധന ഓഫീസറായും ശിശു വികസന പദ്ധതി ഓഫീസർമാരെ ശൈശവ വിവാഹ നിരോധന ഓഫീസർമാരായും ജില്ലാ കലക്ടർമാരെ ജില്ലാതല നോഡൽ ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>ശൈശവ വിവാഹ നിരോധന ഓഫീസർമാർ എന്ന നിലയിൽ ശിശു വികസന പദ്ധതി ഓഫീസർമാർ അംഗൻവാടി പ്രവർത്തകർ മുഖാന്തിരം |

| | | |
|---|---|---|
| | | ശൈശവ വിവാഹത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും ശൈശവ വിവാഹ നിരോധന നിയമത്തെ സംബന്ധിച്ചും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. ശൈശവ വിവാഹം ശ്രദ്ധയിൽപ്പെട്ടാൽ അംഗൻവാടി പ്രവർത്തകർ ഉടനടി ശിശു വികസന പദ്ധതി ഓഫീസർമാരെ വിവരം അറിയിക്കുകയും ശിശു വികസന പദ്ധതി ഓഫീസർമാർ ബാല വിവാഹത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br>സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ശിശുസംരക്ഷണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ബാലഭിക്ഷാടനം, ബാലവിവാഹം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ മുഖാന്തിരം നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ബാലപീഡനങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ഡി) | സ്കൂളുകളിലും വീടുകളിലും ഇതര സ്ഥലങ്ങളിലും കുട്ടികൾക്കുനേരെയുണ്ടാകുന്ന പീഡനങ്ങൾ തടയുന്നതിന് ആവശ്യമായ ബോധവത്കരണ പരിപാടികൾ സാമൂഹിക നീതി. വകുപ്പ് സംഘടിപ്പിക്കുന്നുണ്ടോ ; വിശദമാക്കുമോ? | ഉണ്ട്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തിരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ജില്ലാ തല ബോധവൽക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012 നെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനായി ബാലസുരക്ഷ എന്ന |

| | | |
|---|---|---|
| | | പേരിൽ വിശദമായ പ്രിവൻഷൻ പ്രോട്ടോകോൾ (Prevention protocol) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ എല്ലാവിധ പീഡനങ്ങൾക്കുമെതിരെ കുട്ടികളെ ബോധവൽകരിക്കുന്നതിനും അവരിൽ ബാലാവകാശങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി കുട്ടികളുമായുള്ള സംവാദം പരിപാടികൾ വിവിധ ജില്ലകളിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മുഖേന സംഘടിപ്പിക്കാറുണ്ട്. കമ്മീഷന്റെ പ്രവർത്തനാരംഭ ദിനമായ ജൂൺ 3- ന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അസംബ്ലി വിളിച്ചു ചേർത്ത് കുട്ടികളെ പീഡനത്തിനെതിരെ ബോധവൽക്കരിക്കുന്ന പ്രതിജ്ഞയെടുക്കുന്ന ചടങ്ങ് സംഘടിപ്പിക്കുന്നതിനുപുറമെ മേൽ പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ബാലാവകാശങ്ങൾ സംബന്ധിച്ച് കുട്ടികൾക്കായി ഒരു കൈപുസ്തകം തയ്യാറാക്കി സംസ്ഥാനത്തെ സർക്കാർ/എയിഡഡ് സ്കൂളുകളിലെ 7, 8 ക്ലാസ്സുകളിലെ കുട്ടികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ